LIBRARY ARCHIVES Kerala Legislative Assembly

ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികളുടെ പ്രവർത്തനം

254 (1998) ശ്രീ. തോമസ് ഉണ്ണിയാടൻ :

ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ വൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ജൈവ വൈവിധ്യ വികസനവും സംരക്ഷണവും സംബന്ധിച്ച് ടി കമ്മിറ്റികൾ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ;

(സി) ഇതിലൂടെ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) ഉണ്ട്.

(ബി) ജൈവവൈവിധ്യ സംരക്ഷണ പ്രാധാന്യം മനസ്സിലാക്കി പ്രാദേശിക ജൈവവൈവിധ്യത്തെ രേഖപ്പെടുത്തുക എന്ന പ്രധാന ചുമതല ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ (ബി.എം.സി.കൾ) നടത്തിവരുന്നു. അതിന്റെ ഭാഗമായി സംസ്ഥാനത്തെ 805 ബി.എം.സി.കളിൽ ജനകീയ പങ്കാളിത്തത്തോടെ ജൈവവൈവിധ്യ രജിസ്റ്റർ (പി.ബി.ആർ.) തയ്യാറാക്കിയിട്ടുണ്ട്. 100-ന് മുകളിൽ, ബി.എം.സി.-കളിൽ പി.ബി.ആർ. തയ്യാറാക്കൽ പദ്ധതി പുരോഗമിക്കുകയാണ്.

(സി) സംസ്ഥാനത്തെ 77% (805 എണ്ണം) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അവിടത്തെ ബി.എം.സി.-കളുടെ നേതൃത്വത്തിൽ പ്രാദേശിക ജൈവവൈവിധ്യം രേഖപ്പെടുത്തി രജിസ്റ്ററാക്കി (പി.ബി.ആർ.) സൂക്ഷിക്കുവാൻ സാധിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ എല്ലാ ബി.എം.സി.-കളും പി.ബി.ആർ. തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ട്.

മാധവ് ഗാഡ്ഗിൽ റിപ്പോർട്ട്

255 (1999) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാധവ് ഗാഡ്ഗിൽ റിപ്പോർട്ട് കേരളത്തിലെ പരിസ്ഥിതി ലോല മേഖലയിലെ ജനവാസ മേഖലയെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്നാണ് കണ്ടെത്തിയിട്ടുള്ളത്; വിശദവിവരം നൽകുമോ;